കേരളസർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ ബസ്ബേ, ടാക്സി സ്റ്റാന്റ് എന്നിവയുടെ നിർമ്മാണ പ്രവൃത്തിയിലെയും, റോഡ് പണികളിലെയും ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വണ്ടൂർ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീകെ.ജെ.ലൂയിസ് ജോസഫിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.1070/2014/തസ്വഭവ, തിരുവനന്തപുരം,തീയതി, 03.05.2014**

---

പരാമർശം:-1. വിജലൻസ് ഡയറക്ടറുടെ 18.04.2012ലെ E10(SC39/2011/MPM) 558/2012 നമ്പർ കത്ത്.
2. 01.12.2012 തീയതിയിലെ 53626/ഇആർബി1/2012/എൽഎസ്ജിഡി നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3. ശ്രീ.കെ.ജെ.ലൂയിസ് ജോസഫിന്റെ 31.01.2013 തീയതിയിലെ പ്രതിവാദപത്രിക.
4. ഗ്രാമവികസന കമ്മീഷണറുടെ 01.11.2013 തീയതിയിലെ 27213/എസ്റ്റാഎ4/2012/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിൽ എം.പി/എം.എൽ.എ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ ബസ്ബേ, ടാക്സി സ്റ്റാന്റ്, റോഡ്പണി എന്നിവയുടെ നിർമ്മാണ പ്രവൃത്തിയിലെയും, റോഡ് പണികളിലെയും ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മലപ്പുറം യൂണിറ്റ് നടത്തിയ സർപ്രൈസ് ചെക്കിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി വാങ്ങാതെ മേൽപ്രവൃത്തികളുടെ കൺവീനറുമായി അന്നത്തെ വണ്ടൂർ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ശ്രീ.ലൂയിസ് ജോസഫ് എഗ്രിമെന്റ് വച്ചിട്ടുള്ളതായി വിജിലൻസ് അന്വേഷണത്തിൽ വ്യക്തമാകുകയും, ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തതിൻ പ്രകാരം പരാമർശം (2) പ്രകാരം ടിയാന് കുറ്റപത്രവും, കുറ്റാരോപണപത്രികയും നൽകിയിരുന്നു.

ടി കുറ്റപത്രത്തിനെതിരെ ടിയാൻ പരാമർശം (3) പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയുണ്ടായി. പൊതുജന താല്പര്യം മാനിച്ച് എത്രയും വേഗം പ്രവൃത്തി പൂർത്തിയാക്കാൻ ബഹു.എം.എൽ.എ. നിർദ്ദേശിച്ചതിനാൽ, പൊതുമരാമത്ത് വകുപ്പിൽ നിന്നും വാക്കാൽ ഉറപ്പു ലഭിച്ചതു കൊണ്ടാണ് മുൻകൂർ അനുമതി വാങ്ങാതെ കരാർ വച്ചതെന്നും, സർക്കാരിന് നഷ്ടമുണ്ടാക്കുന്ന തരത്തിലുള്ള വീഴ്ചകളൊന്നും ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും. ആയതിനാൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി ഒഴിവാക്കണമെന്നും പ്രതിവാദപത്രികയിൽ ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ.കെ.ജെ.ലൂയിസ് ജോസഫിന്റെ പ്രതിവാദപത്രികയിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശ്രീ.എ.പി.അനിൽകുമാർ. എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നിർദ്ദേശിക്കപ്പെട്ട വണ്ടൂർ ഗ്രാമപഞ്ചായത്തിലെ ബസ്‌ബേ, ടാക്സി സ്റ്റാൻഡ് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 16.12.2009-ന് ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും, 22.12.2009-ന് കൺവീനർ എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തതായും. എന്നാൽ 04.03.2010-നാണ് വണ്ടൂർ LSGD സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പൊതുമരാമത്ത് വകുപ്പു പണി പ്രവൃത്തി നടത്തുവാൻ അനുമതി ചോദിച്ച് കത്തയച്ചതെന്നും, ആർ.ടി.ഒ.യുടെ കത്തും, വില്ലേജ് ഓഫീസർ അംഗീകരിച്ച പ്ലാനും എസ്റ്റിമേറ്റും വേണമെന്നാവശ്യപ്പെട്ട് 24.07.2010-ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത അപേക്ഷ നിരസിച്ചതായും, പിന്നീട് 07.02.2011-ലാണ് പ്രസ്തുത വിവരങ്ങൾ വണ്ടൂർ പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഭ്യമാകുന്നതെന്നും, അതിൻ പ്രകാരം 23.02.2011-ലെ എ4/697/2010 ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലത്ത് പ്രവൃത്തി ചെയ്യാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD റോഡ്സ് മഞ്ചേരി അനുമതി നൽകിയതായും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി വാങ്ങുന്നതിനു മുൻപ് മേൽ പ്രവർത്തികളുടെ കൺവീനറുമായി ശ്രീ.ലൂയിസ് ജോസഫ് എഗ്രിമെന്റ് വച്ചതായുള്ള ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വണ്ടൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയിരുന്ന ശ്രീ.കെ.ജെ.ലൂയിസ് ജോസഫിനെതിരായ അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേയ്ക്ക് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.എൽ.സുരേഷ്കുമാർ**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.കെ.ജെ.ലൂയിസ് ജോസഫ്, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, വണ്ടൂർ ബ്ലോക്ക്
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള , തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
വിജിലൻസ് (ഡി) വകുപ്പ് (Vide U.O.(N)15411/D3/13/Vig. dated 08.01.2014)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ